**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6521** **11-07-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ റണ്ണിംഗ് കരാർ നടപ്പിലാക്കിയിട്ടുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റ പണികൾക്ക് അടിയന്തര പ്രാധാന്യം നൽകുന്നതിനായി ഫണ്ട് വകയിരുത്തൽ, ഭരണ, സാങ്കേതികാനുമതികൾ, ടെൻഡർ തുടങ്ങിയവയ്ക്കുള്ള കാലതാമസം ഒഴിവാക്കാനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | **പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിലവിൽ പ്രവൃത്തികൾ ക്രമീമരിക്കുന്നതിന് കൃത്യമായി അസൂത്രണം ചെയ്ത് ഫണ്ട് ലഭ്യമാക്കൽ , ഭരണ സാങ്കേതിക അനുമതികൾ അനുവദിക്കൽ , ടെണ്ടറിംഗ്, പ്രവൃത്തി ആരംഭിക്കൽ തുടങ്ങിയവ സമയബന്ധിതമായി ചെയ്യുന്നതിന് ഒരു സംവിധാനം അവലംബിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഭരണാനുമതിയ്ക്കായി പദ്ധതിരേഖ ബഡ്ജറ്റ് , ബഡ്ജറ്റിതര ഫണ്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയും സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ തന്നെ ഭരണാനുമതി ലഭ്യമാക്കുന്നുണ്ട്. തുടർന്ന് കാലവിളംബം കൂടാതെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി സമയബന്ധിതമായി കരാർ ഏർപ്പാട് ചെയ്ത് കാലാവസ്ഥ അനുകൂലമായ കാലയളവിൽ തന്നെ പ്രവൃത്തി ആരംഭിച്ച് നിശ്ചിത കാലയളയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾ, പ്രിമൺസൂൺ പ്രവൃത്തികൾ ഉൾപ്പെടെയുള്ള മറ്റ് അറ്റകുറ്റപ്പണികൾ ഇത്തരം ചിട്ടയായ ക്രമീകരണത്തിലൂടെ നടപ്പിലാക്കിവരുന്നു.** |
| (ബി) | അരുവിക്കര നിയോജക മണ്ഡലത്തിൽ റണ്ണിംഗ് കരാർ നടപ്പിലാക്കിയിട്ടുള്ള റോഡുകളുടെ ദൈർഘ്യം എത്രയാണെന്ന് അറിയിക്കുമോ? | (ബി) | **നിരത്ത് വിഭാഗത്തിന് കീഴിൽ 201 കിമീ റോഡിനും, നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിൽ 25.90 കി.മീ. റോഡിനും അരുവിക്കര നിയോജക മണ്ഡലത്തിൽ റണ്ണിംഗ് കരാർ നടപ്പിലാക്കിയിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ